# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# മാറാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# എറണാകുളം-682030


**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ഇ.കെ.എം പി14/1509/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/12/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996

ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ഇ.കെ.എം പി14/1509/23 തീയ്യതി: 04/12/2023

# എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം

സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 28-09-2023 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2023 | 28-09-2023 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.റസിയാ ബീവി ജെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),

ശ്രീ.ജോസഫ് ജോർജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ,

ശ്രീമതി.കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ ,

ശ്രീ.അനീഷ് ടി എസ്,ഓഡിറ്റർ .

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഒ പി ബേബി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ലിജോ ജോൺ | സെക്രട്ടറി | 01-04-2022 | 10-05-2022 |

| | | | |
|---|---|---|---|
| ശ്രീ ബിനോയ് മത്തായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-05-2022 | 06-10-2022 |
| ശ്രീ ലിജോ ജോൺ | സെക്രട്ടറി | 07-10-2022 | 31-03-2023 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ ഡിക്സൺ ദേവസി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അമർലാൽ കെ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. അഞ്ജു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ദീപ്തി | മെഡിക്കൽ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ, ആയുർവേദം | | |
| ശ്രീമതി ബിന്ദു | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആൻസി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുപ്രിയാദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ മാക്സ് വെൽ കെ സി | അസി :എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ അജയൻ | വി.ഇ.ഒ(ഈസ്റ്റ് മാറാടി സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ അജയൻ | വി.ഇ.ഒ(സൗത്ത് മാറാടി സർക്കിൾ)ഇൻ ചാർജ് | 01-04-2022 | 20-04-2022 |
| ശ്രീമതി ഗീതു അനിൽകുമാർ | വി.ഇ.ഒ(സൗത്ത് മാറാടി സർക്കിൾ | 21-04-2022 | 29-08-2022 |

| | | | |
|---|---|---|---|
| ശ്രീമതി ഹീര പി ആർ | വി.ഇ.ഒ(സൗത്ത് മാറാടി സർക്കിൾ | 30-08-2022 | 31-03-2023 |
| ഡോ.ഷീന ജോസഫ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

.

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂർ തുകകളുടെ വിശദവിവരം ലഭ്യമല്ല. | 1-1-1 |
| 3 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-2 |
| 4 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല | 1-1-4 |
| 6 | കുടിശ്ശിക തുക ചട്ടവിരുദ്ധമായി അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | പഞ്ചായത്ത് ഫണ്ട് മുൻവർഷങ്ങളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-6 |
| 8 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്)-വരവ് തുക വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-7 |

| | | |
|---|---|---|
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ  നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം അവലോകനം | 1-11 |
| 19 | ഗ്രാമസഭ | 1-12 |
| 20 | ദുരിതാശ്വാസ നിധി- പ്രവർത്തനം കാര്യക്ഷമം | 1-13 |
| 21 | ജീവനക്കാരുടെ തൊഴിൽനികുതി | 1-14 |
| 22 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ-ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-15 |
| 23 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-16 |
| 24 | പരമ്പരാഗത കൈത്തൊഴിലുകൾക്കുള്ള വനിത സംരംഭം ആരംഭിച്ചിട്ടില്ല. | 1-17 |

| | | |
|---|---|---|
| 25 | ലൈഫ് ഭവന നിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ ഭവനനിർമ്മാണം നടത്തുന്നില്ല | 1-18 |
| 26 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-19 |
| 27 | ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-20 |
| 28 | ബി-4 ഹെഡിലെ ബാധ്യത തുകകൾ  -നടപടി സ്വീകരിക്കേണ്ടതാണ് | 1-21 |
| 29 | ഇടപാടുകൾ  ഇല്ലാത്ത അക്കൗണ്ടുകൾ | 1-22 |
| 30 | ഔദ്യോഗിക വാഹനം-ലേല നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-23 |
| 31 | മഴക്കാല പൂർവ ശുചീകരണപ്രവർത്തനം- തുക അനുവദിച്ചതിലെ അപാകതകൾ | 1-24 |
| 32 | പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക വേതനം - അനുമതി രേഖകൾ  ഹാജരാക്കിയിട്ടില്ല. | 1-25 |
| 33 | തൊഴിലുറപ്പ് പദ്ധതി- നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ  വെച്ചില്ല-സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം | 1-26 |
| 34 | പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിക്കണം | 1-27 |
| 35 | പാലിയേറ്റീവ് കെയർ  പ്രവർത്തനങ്ങൾ-ചെലവു രേഖകൾ | 1-28 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല | |
| 36 | മെഡിക്കൽ ഓഫീസർ മാറാടി നടപ്പിലാക്കിയ പദ്ധതി കപ്പേഷൻ നടപടി സ്വീകരിച്ചില്ല | 1-29 |
| 37 | സ്മാർട്ട് അങ്കണവാടി നിർമ്മാണം വാർഡ് 4- പൂർത്തീകരിക്കേണ്ടതാണ്. | 1-30 |
| 38 | റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് - പൂർണ്ണമാക്കേണ്ടതാണ്. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **14.07.2023** ലെ **4(1)** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **15.07.2023**-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മാറാടി** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത്

നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മാറാടി** ഗ്രാമപഞ്ചായത്തിന്റെ **2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്**

**തീയതി: 04.12.2023** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂർ തുകകളുടെ

**വിശദവിവരം ലഭ്യമല്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന താഴെ ചേർക്കുന്ന മുൻകൂർ തുകകൾ സംബന്ധിച്ച വിശദവിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| കോഡ് | ഹെഡ് | തുക |
|---|---|---|
| 460500201 | Deposit With KWA | ₹1052187 |
| 460500202 | Advance To KSEB | ₹156519 |

മേൽ പ്രോജക്ടുകളുടെ വിശദാംശങ്ങൾ എൻക്വയറി (നം-26/25.09.2023) മുഖേന ആവശ്യപ്പെട്ടിട്ടും നൽകിയില്ല. തൻവർഷം നിക്ഷേപപ്രവൃത്തികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. ആയതിനാൽ ക്രമീകരിക്കപ്പെടാത്ത മേൽ മുൻകൂറുകളുടെ വിവരം ലഭ്യമാക്കേണ്ടതും പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട് കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്നും ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

**1-1-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ക്രമീകരിക്കുവാൻ ബാക്കി

നിൽക്കുന്ന താഴെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകേണ്ട കാലാവധി കഴിഞ്ഞ് കാലഹരണപ്പെട്ടിട്ടും തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 അനുസരിച്ച് ഡെപ്പോസിറ്റ് ചെയ്ത തുക മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യങ്ങളിൽ അത്തരം ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കുന്നതിനും സർക്കാർ ഫണ്ടിലേക്ക് മുതൽക്കൂട്ടാനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വാടക നിക്ഷേപം ഒഴികെയുള്ള ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണെങ്കിലും ഇതിനും വർഷങ്ങൾക്ക് മുമ്പുള്ള നിക്ഷേപങ്ങൾ ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റായി നിലനിർത്തിയിട്ടുണ്ട്.

| കോഡ് | ഹെഡ് | തുക | റിമാർക്സ് |
|---|---|---|---|
| 340100101 | Contractor’s EMD | ₹12788 | 2015-16 വർഷം മുതൽ തുടരുന്നു |
| 340200199 | Other Deposits | ₹4250 | 2016-17വർഷം മുതൽ തുടരുന്നു |
| 340100203 | Bidder’s EMD | ₹280000 | 2015-16 വർഷം മുതൽ തുടരുന്നു |

ആയത് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണെന്ന് എൻകചയറിക്കുള്ള (നം-1/25.09.2023) മറുപടിയിൽ വ്യക്തമാക്കി.

**1-1-3 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-4 സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല**

2016-17 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹200000/-, ജില്ല പഞ്ചായത്ത് വിഹിതം ₹83090/- ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പുണ്ട്. വിശദീകരണമാവശ്യപ്പെട്ടതിന് (എൻകചയറി.നം-1/ തീ.25.09.2023) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി തുടർപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്നറിയിച്ചു. ഈ തുകകൾ ഏത് പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമാക്കേണ്ടതാണ്. പദ്ധതി രൂപീകരിച്ച് തുക ചെലവഴിക്കുവാൻ നടപടിയെടുക്കേണ്ടതും അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് തിരികെ അടവാക്കേണ്ടതുമാണ്.

**1-1-5 കുടിശ്ശിക തുക ചട്ടവിരുദ്ധമായി അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തി**

2019-20 വർഷത്തെ B15 ഷെഡ്യൂൾ പ്രകാരം Receivables Towards Sale Of Sand (431400118) എന്ന ശീർഷകത്തിൽ ₹107800/- കുടിശ്ശിക ഉണ്ടായിരുന്നു. എന്നാൽ 2021-22, 2022-23 വർഷങ്ങളിലെ B15 ഷെഡ്യൂളുകളിൽ Receivables Towards Sale Of Sand (431400118) എന്ന ശീർഷകം ഉൾപ്പെടുത്തിയിട്ടില്ല. ഇതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് ടി തുക Advance Payment Of Royalty (460500103) എന്ന അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയെന്നാണ് അറിയിച്ചത്. ചട്ടവിരുദ്ധമായി കുടിശ്ശിക തുക അഡ്വാൻസ് ഹെഡിലേക്ക് മാറ്റിയതിന് വിശദീകരണം നൽകേണ്ടതും ഹെഡ് കറക്ട് ചെയ്ത് അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-1-6 പഞ്ചായത്ത് ഫണ്ട് മുൻവർഷങ്ങളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

ഷെഡ്യൂൾ ബി-1ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (ഹെഡ് കോഡ്- 310100101) മുൻവർഷങ്ങളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

മുൻവർഷങ്ങളിൽ ഉൾപ്പെടുത്തിയ തുക - ₹30,12,136.73

2022-23 ലെ തുക -₹27,25,348.73

ഐ.കെ.എം സോഫ്റ്റ്‌വെയറിലെ പിശക് മൂലമാണ് തുക വ്യത്യാസപ്പെട്ടതെന്നാണ് എൻക്വയറിക്ക് (നം-1) മറുപടി നൽകിയത്. ഐ.കെ.എം.മായി ബന്ധപ്പെട്ട് തുടർവർഷത്തെ വാർഷികകണക്കിൽ

അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-7 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്)-വരവ് തുക വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ധനകാര്യകമ്മീഷൻ (ബേസിക്) വരവ് തുക യഥാർത്ഥത്തിൽ ₹1793032/- രൂപയാണ് (1736000+57032). എന്നാൽ വാർഷിക കണക്കിൽ (I6) ആയത് ₹1775094/-എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

മാറാടി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് 25.03.2022 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 28.02.2023 ലെ ഒന്നാം നമ്പർ തീരുമാനമനുസരിച്ച് താഴെപ്പറയും പ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചു.

| | |
|---|---|
| മുന്നിരുപ്പ് | ₹5547849/- |
| വരവ് | ₹190937600/- |
| ആകെ | ₹196485449/- |
| ചെലവ് | ₹195615700/- |
| നീക്കിയിരുപ്പ് | ₹869749/- |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | ₹54,50,212.73 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹2,60,38,212.00 |
| ആകെ | ₹3,14,88,424.73 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹2,33,51,218.00 |
| നീക്കിയിരിപ്പ് | ₹81,37,206.73 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ബില്ല് പ്രകാരം മാറിയെടുത്ത് ഗ്രാന്റുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഈ ഗ്രാന്റുകളുടെ വിവരം തുടർഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (എസിആർ | ആകെ (₹) | ചെലവ് (റസീപ്റ്റ് & | നീക്കി യിരുപ്പ് |
|---|---|---|---|---|---|

| | | പ്രകാരം) (₹) | | പെയ്മെന്റ് പ്രകാരം) (₹) | (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8522473 | 8522473 | 8522473 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2636905 | 2636905 | 2636905 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 85000 | 85000 | 85000 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 7527000 | 7527000 | 7464093 | 62907 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 4488972 | 81028 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 15156 | 1793032 | 1808188 | 1775094 | 33094 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 2604000 | 2604000 | 2604000 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100202 | 0 | 210629 | 210629 | 208161 | 2468 |
| ഹെൽത്ത് ഗ്രാന്റ് 320100204 | 0 | 81322 | 81322 | 80000 | 1322 |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** | | | | | |
| ഐസിഡിഎസ് 320100196 | 112951 | 861063 | 974014 | 121815 | 852199 |
| ടി എസ് സി 320100181 | 661506 | 0 | 661506 | 0 | 661506 |
| ഡബ്ല്യുജിഡിപി 320100186 | 10025 | 0 | 10025 | 0 | 10025 |

| | | | | | |
|---|---|---|---|---|---|
| ആർജിഎസ്എ 320800199 | 90525 | 13610 | 104135 | 13610 | 90525 |
| ലൈബ്രറി ഗ്രാന്റ് 320100194 | 0 | 13610 | 13610 | 0 | 13610 |
| **സംസ്ഥാനാവിഷ്കൃതഫണ്ട്-** | | | | | |
| ശുചിത്വമിഷൻ 320100198 | 1156158 | 0 | 1156158 | 0 | 1156158 |
| സമ്പൂർണ്ണ ശുചിത്വം 320300103 | 96697 | 0 | 96697 | 0 | 96697 |
| സാക്ഷരത 320100197 | 376 | 3 | 379 | 0 | 379 |
| മികച്ച പഞ്ചായത്ത് പുരസ്ക്കാരം 320100200 | 0 | 500000 | 500000 | 0 | 500000 |

<u>കുറിപ്പ്-</u>
1)വികസന ഫണ്ട് (ജനറൽ) –8522473/- +1461527/-(ജി.ഒ പ്രോജക്ട്) (ലൈഫ്-892127/-, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിലുള്ള തുക –569400/-) = 9984000/-
2)വികസനഫണ്ട് (എസ്.സി.പി)2636905/-+295095/-(ജി.ഒ പ്രോജക്ട്) (ലൈഫ്-147547/-+147548/-) = I-6 (2932000/-)
3)ധനകാര്യകമ്മീഷൻ അവാർഡ് (Tied) 1227625/- + 1376375/-(ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) = I-6 = (2604000/-
4)ധനകാര്യകമ്മീഷൻ അവാർഡ്(UnTied) ആകെ വരവിൽ പലിശയും (57032/-) ഉൾപ്പെടുന്നു. (1736000+57032) = 1793032/-

## <u>1-5 പദ്ധതി അവലോകനം</u>

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് (₹) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത്-എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 127 | 72172586 | 105 | 36831371 | 93 | 12 | 22 | 73.23% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 93131 | 1643769 | 1736900 | 1736891 | 9 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 21157429 | 21157429 | 21157429 | - |
| ആകെ | 93131 | 22801198 | 22894329 | 22894320 | 9 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി | 1810000 | 155 |

| | | |
|---|---|---|
| പെൻഷൻ | | |
| വാർദ്ധക്യകാലപെൻഷൻ | 14564700 | 1396 |
| വിധവാപെൻഷൻ | 6151300 | 560 |
| വികലാംഗപെൻഷൻ | 1679800 | 148 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 348800 | 35 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5161/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആയത് കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

എ)ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല. അവയുടെ പൂർത്തീകരണം ഉറപ്പാക്കുന്നില്ല.
ബി)വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. ആയതിനാൽ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തേണ്ടതും അത് വഴി മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതുമാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2020 മുതൽ 16.10.2020 വരെ | 01.02.2020 മുതൽ 30.09.2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.08.2003മുതൽ 16.09.2003 വരെ | 1997-98 മുതൽ 2002-2003വരെ | 14.03.2007 |

## 1-11 തനത് വരുമാനം അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം മാറാടി ഗ്രാമപഞ്ചായത്ത് തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്, വാടക, വസ്തുനികുതി, എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി / നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യു ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>കെട്ടിട നികുതി</u>

ഗ്രാമപഞ്ചായത്തിൽ പരിധിയിൽ തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി

സൂക്ഷിക്കേണ്ടതും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് അധികമായ് ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി സേവനം പ്രത്യേകമായി സേവനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ടി ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>തൊഴിൽ നികുതി</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, പ്രൊഫഷണലുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ഡാറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ച് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത് തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ആളുകളുകളിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നികുതി പിരിവ് പുരോഗതി അവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. തനത് ഫണ്ട് വരുമാനം പ്രധാന വരുമാന മാർഗ്ഗമായി കാണുന്ന ഒരു സമൂഹത്തിൽ നിന്നും വാണിജ്യ വ്യവസായ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം ഉള്ള ഒരു സമൂഹമായി മാറാത്ത സാഹചര്യത്തിൽ വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇവയിൽ നിന്നു പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതും വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-13 ദുരിതാശ്വാസ നിധി- പ്രവർത്തനം കാര്യക്ഷമം

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ സർവ്വീസ് സഹകരണ ബാങ്ക്, മാറാടി ബ്രാഞ്ചിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം മുന്നിരുപ്പ് ₹180386/- യും വരവ് ₹261231/- യും നീക്കിയിരുപ്പ് ₹27117/-യും ആണ്. ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ

നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് ഇതിൽ നിന്നും ആകെ 3 ലക്ഷത്തിലധികം രൂപ അടിയന്തര സഹായം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ നിധി വളരെ കാര്യക്ഷമമാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തീക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ബ്രിക്ക് യാർഡ് | 9/45B | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 2 | ജോൺസ് കഫേ | 6/36D | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 3 | അൾട്രാടെക്ക് സിമന്റ് | 4/66E | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 4 | സെന്റ് ആന്റണീസ് | 9/404A | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |

| | | | | |
|---|---|---|---|---|
| | വുഡ് ഇൻഡസ്ട്രീസ് | | | |
| 5 | സിൽവർ മോട്ടോഴ്സ് | 6/70C | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 6 | നിപ്പോൺ ഡോഴ്സ് | 6/71A | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 7 | സെന്റ് ജോർജ് സോ മിൽ | 2/234A | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 8 | ഗ്രീൻഫീഡ് സൈലേജ് എന്റർപ്രൈസ്സ് | 13/255A | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 9 | മണിത്തോട്ടം ഇൻഡസ്ട്രീസ് | 5/280G | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 10 | മായാ ഫ്യൂവൽസ് | 10/123E | 06 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 11 | കൊച്ചിൻ ചിപ്സ് | 2/35 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 12 | സി ആർ ട്രേഡേഴ്സ് | 3/237B | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 13 | കുമാർ സോ മിൽ | 12/31A | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 14 | ക്യാപ്പിറ്റൽ ഇംപെക്സ് | 6/197 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 15 | എസ് & എസ് ഫർണിച്ചർ | 1/154B | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |

| | | | | |
|---|---|---|---|---|
| 16 | ഹോട്ടൽ ഗംഗ | 12/31A | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 17 | ഈറ്റ് & ഡ്രീംഗ് റസ്റ്റോറന്റ് | 10/133A | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |

കൂടാതെ പഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരായ അഞ്ജന ശശി(ഫാർമസിസ്റ്റ്),സീനത്ത് എ എച്ച്(ഹെൽപ്പർ), പ്രോജക്ട് നം 71/22-23 പ്രകാരം പ്രീപ്രൈമറി വർക്കേഴ്സുമാരായ ത്രേസ്യാ സേവ്യർ, ഡിറ്റി ജോർജ്, ഷെല്ലി ജോസഫ്, രേഖ സി സോമൻ, സൂസിമോൾ കെ സി എന്നീ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 13/23.09.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ ജീവനക്കാർ തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണെങ്കിൽ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ-ചെലവു രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ |
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ, പി.എച്ച്. |

| | |
|---|---|
| ഉദ്യോഗസ്ഥൻ | സ്। |
| പ്രോജക്ടിന്റെ നം/ വർഷം | 116/23 |
| അടങ്കൽ തുക / ഫണ്ട് | 208161/- രൂപ., ഹെൽത്ത് ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | 208161/-രൂപ., |

ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം ചെലവഴിച്ച ആകെ ₹208161/-യിൽ ₹99946/-Bill.142/23(16.12.22), ₹73061/-Bill.143/23(16.12.22), ₹5138/-Bill.326 /23(27.03.23) ഉൾപ്പെടെ ആകെ ₹178145/-യുടെ ചെലുവുരേഖകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹30016/-യുടെ ചെലുവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 20/25.9.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി ചെലവു രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതുവരെ ₹30016/- തടസ്സപ്പെടുത്തുന്നു.

**<u>1-16 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ടിന്റെ നം/ വർഷം | 10/23 |
| അടങ്കൽ തുക / ഫണ്ട് | ₹200000/-, മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | ₹200000/-, 82/2022, തീയതി.14/10/2022 |

2022-23 വർഷം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രൊജക്ടിനായി ആകെ ₹200000/- മെഡിക്കൽ ഓഫീസർ ഹോമിയോ ചെലവഴിച്ചെങ്കിലും ₹13464/-യുടെ മരുന്നുകൾ മാത്രമാണ് ഹോംകോ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹186536/- യ്ക്കുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/23.9.23 നുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ ₹186536/- തടസ്സപ്പെടുത്തുന്നു.

## 1-17 പരമ്പരാഗത കൈത്തൊഴിലുകൾക്കുള്ള വനിത സംരംഭം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 90/2023 |

| | |
|---|---|
| അടങ്കൽ | ₹2,50,000/- (വികസനഫണ്ട് – എസ്.സി.പി) |
| ചെലവ് | ₹2,50,000/- (വികസനഫണ്ട് – എസ്.സി.പി) |
| ബിൽ നം, തിയതി | 22120200000018450 Dtd 31/03/2023 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാറാടി |

മാറാടി ഗ്രാമപഞ്ചായത്തിലെ പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്ന വനിതകളുടെ തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം വാർഡ് 1 ലെ ***തണൽ ബാംബൂയൂണിറ്റ്*** എന്ന ഗ്രൂപ്പിന് പദ്ധതി സബ്സിഡിയായ ₹2,50,000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ വായ്പാബന്ധിതമായി തയ്യാറാക്കിയ പദ്ധതിയിൽ യൂണിയൻ ബാങ്ക് പ്രൊവിഷണൽ വായ്പാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക ബാങ്കിന് കൈമാറിയിട്ടുള്ളത്. എന്നാൽ ഗ്രൂപ്പ് ബാങ്ക് വായ്പ എടുക്കുകയോ സംരംഭം ആരംഭിക്കുകയോ ചെയ്തില്ല. സംരംഭം നടത്തുന്നതിനാവശ്യമായ മെഷിനറികൾ ലഭ്യമല്ലാതിരുന്നതിനാലാണ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാതിരുന്നതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ സംരംഭത്തിന് പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ പഠനമോ മുന്നൊരുക്കങ്ങളോ ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയതെന്നാണ് ഇതിൽ

നിന്നും വ്യക്തമാകുന്നത്. ആവശ്യമായ ഭൗതിക സാഹചര്യങ്ങളും മെഷിനറി ഉൾപ്പടെയുള്ള സാങ്കേതിക സൗകര്യങ്ങളും ഉറപ്പാക്കിയശേഷമായിരുന്നു പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. മാർച്ച് അവസാനം നൽകിയിരുന്ന പദ്ധതി സബ്സിഡി സംരംഭം ആരംഭിക്കാത്തതിനാൽ ഉടനെതന്നെ തിരികെ ഈടാക്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ സബ്സിഡി തുക തിരികെ ഈടാക്കിയിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വികസനഫണ്ട് നിഷ്ക്രിയമായി ബാങ്കിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചതിനും യഥാസമയം തിരികെ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-6/21-09-2023) നൽകിയതിന് നൽകിയ മറുപടിയിൽ ബാങ്ക് പ്രൊവിഷണൽ അനുമതി നൽകിയതിനാലും സാമ്പത്തിക വർഷം അവസാനിക്കുന്നതിനാലുമാണ് സബ്സിഡി തുക കൈമാറിയതെന്നും മെഷിനറി ലഭിക്കില്ലയെന്നത് പിന്നീടാണ് വ്യക്തമായതെന്നും അറിയിച്ചിട്ടുണ്ട്. ബാങ്കിന് കൈമാറിയ സബ്സിഡി തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് വികസന ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. തൊഴിൽ സംരംഭം പോലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതിയുടെ പ്രായോഗികപ്രശ്നങ്ങളെയും സാധ്യതകളെയും പറ്റിയുള്ള വിശദവുമായ പഠനറിപ്പോർട്ടും തയ്യാറെടപ്പുകളും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നത് പോലുള്ള മുന്നൊരുക്കങ്ങളും ആവശ്യമാണ്. പ്രസ്തുത തയ്യാറെടുപ്പുകൾ ഇല്ലാതിരുന്നതിനാൽ ഈ പദ്ധതിക്കായുള്ള തുക നിഷ്ക്രിയമായി ബാങ്കിൽ

അവശേഷിക്കുന്നത്. തൊഴിൽ സംരംഭങ്ങളിൽ ഈവിധമുള്ള അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-18 ലൈഫ് ഭവന നിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ ഭവനനിർമ്മാണം നടത്തുന്നില്ല**

ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന “ലൈഫ്”ഭവനപദ്ധതിയുടെ പുരോഗതി വിവരങ്ങൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ പദ്ധതി പ്രകാരം കരാറിലേർപ്പെട്ട ഏതാനും ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ നാളിതുവരെ പിന്നീടുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ലൈഫ് എസ്.സി.പി.**

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ ധനസഹായം | ഇതുവരെ കൈപ്പറ്റിയ തുക | ഇനിയും കൈപ്പറ്റുവാനുള്ള തുക | തുക അവസാനം കൈപ്പറ്റിയ തിയതി |
|---|---|---|---|---|---|
| 1 | മണി.സി നെടുവിളയിൽ, ഊരമന | ₹4,00,000 | ₹40,000 | ₹3,60,000 | 30/03/2021 |

| | | | | | |
|---|---|---|---|---|---|
| | പി.ഒ | | | | |

**ലൈഫ് (ജനറൽ)**

| | | | | | |
|---|---|---|---|---|---|
| 1 | ജിനു പി.കെ, പാത്തിക്കുഴിയിൽ, ഊരമന പി.ഒ | ₹4,00,000 | ₹40,000 | ₹3,60,000 | 31/05/2021 |

ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം കരാറിലെ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുകയോ ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/21-09-23) മേൽ ഗുണഭോക്താക്കളുടെ പക്കൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം തുടരാനുള്ള സാധ്യതകളും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടികളും സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി. നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, Burning Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി. നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.28/25.09.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തെരുവ് വിളക്കുകൾ അടിയന്തിരമായി മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-20 ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

| | |
|---|---|
| വൗച്ചർ നമ്പർ | 22200510/21.09.2022 |
| തുക | ₹ 66,000/- |

വാർഷിക ധനകാര്യ പത്രികയിലെ ബി-18 ഷെഡ്യൂളിലെ 460100101 ഹെഡിൽ ഓണം അഡ്വാൻസ് ഇനത്തിൽ ₹12,000/- ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ മുമ്പ് ജോലി ചെയ്തിരുന്ന ഹെഡ് ക്ലർക്ക് ശ്രീ അബ്ദുൾ നസിം.എ കൈപ്പറ്റിയ ഓണം അഡ്വാൻസ് തുക ₹20,000/- രൂപയിൽ ബാക്കി ലഭിക്കാനുള്ള തുകയാണിത്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 250 (3) പ്രകാരം അഡ്വാൻസ് നൽകുന്ന തുകകൾ അഞ്ച് തുല്യ ഗഡുക്കളായി തിരികെ ഈടാക്കണമെന്നും ആദ്യ ഗഡു ഒക്ടോബറിൽ നൽകുന്ന ശമ്പളത്തിൽ നിന്നും ഈടാക്കിത്തുടങ്ങണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസായി നൽകുന്ന തുക അതേ സാമ്പത്തിക വർഷം തന്നെ ക്രമീകരിക്കണമെന്നിരിക്കെ ₹12,000/- തിരികെ ക്രമീകരിക്കാത്തത്

വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.01/20.09.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വിഷയം പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും ടിയാൻ നിലവിൽ സേവനമനുഷ്ഠിക്കുന്ന വിളവൂർ ഗ്രാമപഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 ബി-4 ഹെഡിലെ ബാധ്യത തുകകൾ -നടപടി സ്വീകരിക്കേണ്ടതാണ്

ബി-4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള താഴെപ്പറയുന്ന ഹെഡുകളിലെ തുകകളുടെ വിശദാംശങ്ങളാവശ്യപ്പെട്ട് എൻക്വയറി (നം-1/20.09.23) നൽകിയിരുന്നു. ആയതിന് ലഭ്യമായ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1)ഹെഡ് കോഡ്- 320300199

മറ്റ് ഗവൺമെന്റ് ഏജൻസിയിൽ നിന്ന് 2021-22 വർഷം ലഭ്യമായ ₹7104/- ആരോഗ്യകേരള പുരസ്ക്കാരവുമായി ബന്ധപ്പെട്ട് ലഭ്യമായതിൽ ബാലൻസ് നിൽക്കുന്ന തുകയാണെന്നറിയിച്ചു.

2)ഹെഡ് കോഡ്- 320200399

അദർ പർപ്പസ് എന്ന മേൽ ഹെഡിലുള്ള ₹158835/-യുടെ വിശദാംശം നൽകിയില്ല.

3)ഹെഡ് കോഡ്- 320800101
ഗുണഭോക്തൃവിഹിതമിനത്തിൽ 2019-20 വർഷം മുതൽ ശേഷിക്കുന്ന ₹5990/- എസ്.സി വാട്ടർടാങ്ക് പ്രോജക്ടുമായി ബന്ധപ്പെട്ടതാണെന്നറിയിച്ചിട്ടുണ്ട്. ടി തുക സ്ഥാപനത്തിനോ ഗുണഭോക്താക്കൾക്കോ നൽകി ബാധ്യത ഒഴിവാക്കേണ്ടതാണ്.
4)ഹെഡ് കോഡ്-320100999
2015-16 വർഷം മുതൽ ബാധ്യതയായി തുടരുന്ന അദർ ലയബിലിറ്റി എന്ന ഹെഡിലെ ₹14100/-യുടെ വിശദാംശങ്ങൾ നൽകിയില്ല.
ക്രമ നം-1 തുക ചെലവഴിക്കേണ്ടതും ക്രമ നം-3 അർഹത പരിശോധിച്ച് തുക നൽകേണ്ടതുമാണ്.
ക്രമ നം-2, 4 തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ

വാർഷികകണക്കുകളിൽ നിലവിൽ ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ കാണുന്നുണ്ട്. അക്കൗണ്ടുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ. നം | അക്കൌണ്ട് നം | ബാങ്കിന്റെ പേര്, അക്കൌണ്ട് ആരംഭിച്ച തീയതി | ആവശ്യം | 31.03.23ലെ നീക്കിയിരുപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 12281000000001 | ജില്ലാ സഹകരണബാങ്ക് (ലഭ്യമല്ല) | തനത് ഫണ്ട് | 5880.73 |
| 2 | 10 | ട്രഷറി (ലഭ്യമല്ല) | വ്യക്തമല്ല | 10.00 |
| 3 | 57021301977 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (ലഭ്യമല്ല) | സാക്ഷരത | 379.00 |
| 4 | 57021302608 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (01.01.2004) | ടി.എസ്.സി | 6312.00 |
| 5 | 57021302405 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (23.05.2003) | ഹൗസിംഗ് | 496363.00 |
| 6 | 5966 | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മാറാടി (31.03.2016) | വ്യക്തമല്ല | 39839.00 |
| 7 | 5965 | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മാറാടി (28.06.2007) | വ്യക്തമല്ല | 10843.00 |
| 8 | ലഭ്യമായില്ല | കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട് ഫോർ റവന്യൂ ഫണ്ട് | വ്യക്തമല്ല | 235.00 |

| | | | | |
|---|---|---|---|---|
| 9 | ലഭ്യമായില്ല | ട്രഷറി അക്കൌണ്ട് ഓഫ് ട്രെഡീഷണൽ ഫംഗ്ഷൻ ഫണ്ട് | വ്യക്തമല്ല | 40598.00 |

ക്രമ നം – 6, 7, 8, 9 പ്രകാരമുള്ള അക്കൗണ്ടുകൾ ഏതാവശ്യത്തിനായി ആരംഭിച്ചതാണെന്ന് വ്യക്തമാക്കിയില്ല. ക്രമ.നം-2 അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് BIMS സോഫ്റ്റ്വെയറിൽ ലഭ്യമാകാത്തതിനാൽ ഹാജരാക്കുവാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി അക്കൗണ്ടിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് ട്രഷറിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതാണ്. ക്രമ നം – 8, 9 പ്രകാരമുള്ളത് നിലവിലില്ലാത്ത അക്കൌണ്ടുകളാണെന്നും ആയവ നീക്കം ചെയ്യുവാൻ ഐ.കെ.എം നെ വിവരമറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പാസ് ബുക്കുകൾ പരിശോധിച്ചതിൽ ക്രമ.നം-2 ഒഴികെയുള്ളവയിൽ വർഷങ്ങളായി പലിശ വരവ് മാത്രമാണുള്ളതെന്ന് കാണുന്നു. ആയതിനാൽ മേൽപ്പറഞ്ഞ അക്കൗണ്ടുകൾ പരിശോധിച്ച് നിലനിർത്തേണ്ടവ അല്ലാത്തത് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അക്കൗണ്ടുകൾ നിലനിർത്തി പോരേണ്ടവയാണെങ്കിൽ അവയുടെ ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കി കണക്കുകൾ പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ഔദ്യോഗിക വാഹനം-ലേല നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

കെ.എൽ 17ഇ - 6618 എന്ന നമ്പറിലുള്ള ഔദ്യോഗിക വാഹനം (മഹീന്ദ്ര ബൊലേറോ) 2005 സാമ്പത്തിക വർഷമാണ് പഞ്ചായത്ത് വാങ്ങിയത്. I-12 ഷെഡ്യൂൾ പ്രകാരം (ഹെഡ്-230500902) വാഹനങ്ങളുടെ റിപ്പയറിംഗ് & മെയിന്റനൻസ് തുകയായി ₹148470/- യാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. അതിൽ ₹62539/- ഔദ്യോഗിക വാഹനത്തിന്റെ വിവിധയിനങ്ങളിലുള്ള ചെലവാണ്. സർക്കാർ ഉത്തരവ്(കൈ)നം.45/2019/പൊ.മ.വ, തീയതി 16.10.2019 പ്രകാരം 7500 കിലോഗ്രാം വരെ ഭാരമുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ 3 ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 10 വർഷം പഴക്കമുണ്ടെങ്കിൽ ആയത് നിയമാനുസൃതമായി നീക്കം ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പൊതുവെ തനത് ഫണ്ട് വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിന് 18 വർഷം പൂർത്തീകരിച്ചിട്ടുള്ള ഔദ്യോഗിക വാഹനം ഇനിയും ഉപയോഗിക്കുകയാണെങ്കിൽ അധിക ബാധ്യതയായി മാറുവാൻ സാധ്യതയുണ്ട്. വാഹനം ലേലം ചെയ്യുന്നതിലേയ്ക്ക് ചാലക്കുടി പി.ഡബ്ല്യു.ഡി ഓഫീസുമായി ബന്ധപ്പെട്ട് വാലുേഷനും കോഴിക്കോട് പി.ഡബ്ല്യു.ഡി ഓഫീസുമായി ബന്ധപ്പെട്ട് അൺ എക്കോണമി സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി 21.03.23 തീയതിയിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നം-3). ലേലം ചെയ്യുന്നതിനോ, പുതിയ വാഹനം വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങളോ ഗ്രാമ പഞ്ചായത്ത്

സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി.നം-3/21.09.23) 15 വർഷം പൂർത്തീകരിച്ച വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാകുമെന്നും ആയതിനാൽ RVSF മുഖേന വാഹനം സ്ക്രാപ്പ് ചെയ്യാവുന്നതുമാണെന്ന് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷൻ, ചാലക്കുടിയിൽ നിന്നും അറിയിച്ചിട്ടുള്ളതായി വിശദീകരിച്ചു. എന്നാൽ ഈ സൈറ്റിൽ സ്ക്രാപ്പിംഗ് ഏജൻസിയെ സെലക്ട് ചെയ്യാൻ നിലവിൽ സാധിക്കാത്തതിനാലാണ് ലേല നടപടികൾ വൈകുന്നതെന്നും അറിയിച്ചു. വെബ്സൈറ്റിലെ സാങ്കേതിക പ്രശ്നം അവസാനിക്കുന്ന മുറയ്ക്ക് വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-24 മഴക്കാല പൂർവ ശുചീകരണപ്രവർത്തനം- തുക അനുവദിച്ചതിലെ അപാകതകൾ

മഴക്കാല പൂർവ ശുചീകരണപ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് ₹10000/- നിരക്കിൽ 13 വാർഡുകൾക്കായി ആകെ ₹130000/- വൌച്ചർ നം-42200824 പ്രകാരം വാർഡ് തല സാനിട്ടേഷൻ സമിതികളുടെ അക്കൗണ്ടിലേയ്ക്ക് 30.12.2022 തീയതിയിൽ കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട ചെലവ് വൌച്ചറുകൾ പരിശോധിച്ചതിലെ അപാകതകൾ താഴെ പറയുന്നു.

എ)വാർഡ് 3-ൽ മണ്ണത്തൂർ കവലയും പരിസരവും വൃത്തിയാക്കിയതിന്

മനു.കെ.ജി എന്നയാൾക്കാണ് തുക അനുവദിച്ചത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ, തൊഴിലാളികളുടെ കൈപ്പറ്റ് എന്നിവ ഹാജരാക്കിയില്ല.

ബി)വാർഡ് 6-ൽ ₹10000/- കൈപ്പറ്റിയതിന് രേഖയില്ല. ഏർത്ത് മൂവർ സ്ഥാപനത്തിന്റെ ബില്ല് മാത്രമാണ് വൗച്ചറിനൊപ്പം ഉള്ളത്.

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-2/21.09.23) മറുപടിയായി രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചു. പൂർണമായ ചെലവ് രേഖകൾ ഹാജരാക്കേണ്ടത് വാർഡ് സാനിട്ടേഷൻ സമിതികളുടെ ഉത്തരവാദിത്തമാണ്. സെക്രട്ടറി ആയത് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. മാത്രമല്ല ആയിരം രൂപയ്ക്ക് മേലുള്ള തുകകൾ ക്യാഷായി നൽകുന്നത് ഒഴിവാക്കി ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് തന്നെ കൈമാറുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൈപ്പറ്റ് രേഖകൾ ഹാജരാക്കുന്നത് വരെ 3, 6 വാർഡുകളിലേയ്ക്ക് അനുവദിച്ച ₹20000/- തടസ്സപ്പെടുത്തുന്നു.

## <u>1-25 പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക വേതനം - അനുമതി രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

പ്രോജക്ട് നം -71/2023

അടങ്കൽ – ₹1,00,000/- (തനത് ഫണ്ട്)

ചെലവ് -₹25,000/-

നിർവ്വഹണം – ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്

ഗ്രാമപഞ്ചായത്തിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക വേതനം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2022-23 വർഷം തനതുഫണ്ടിൽ നിന്നും ₹25,000/- ചെലവഴിച്ചിട്ടുണ്ട്. 5 പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ₹1000/- നിരക്കിൽ 5 മാസം അധിക വേതനം നൽകുന്നതിനാണ് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്. ഈ വിഭാഗം ജീവനക്കാരുടെ നിയമനം നടത്തിയതിന്റെ രേഖകൾ, നിയമനം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖ, സ്കൂൾ പ്രീപ്രൈമറി വിഭാഗം ജീവനക്കാരുടെ ഓണറേറിയം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകാൻ അനുവദിച്ചുള്ള സർക്കാർ ഉത്തരവ് / നിർദ്ദേശം എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-4 തീയതി 20/09/23) നൽകിയതിന് നൽകിയ മറുപടിയിൽ സ്കൂൾ പി.റ്റി.എ. വഴിയാണ് അധ്യാപകരെ നിയമിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളം / ഓണറേറിയം നൽകാൻ പാടില്ലായെന്ന മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതിനാലും ശമ്പളം /ഓണറേറിയം നൽകാൻ അനുമതിയുള്ള തസ്തികളിലും പദ്ധതി മാർഗ്ഗരേഖപ്രകാരം വിദ്യാഭ്യാസമേഖലയിലെ പദ്ധതി ഇനങ്ങളിലും പ്രീപ്രൈമറി അധ്യാപകർക്കുള്ള ശമ്പളം / ഓണറേറിയം എന്നിവ ഉൾപ്പെടാത്തതിനാലും ഈ മേഖലയിലെ ചെലവിന് സർക്കാർ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി- നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല-സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള കരാറുകളിൽ പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും ഇതനുസരിച്ച് സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. എന്നാൽ മാറാടി ഗ്രാമപഞ്ചായത്തിൽ 2022-23 ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത വിവിധ മെറ്റീരിയൽസ് സപ്ലൈ കരാറുകൾ പരിശോധിച്ചതിൽ വിവിധ പ്രവർത്തികളിലായി മുദ്രപ്പത്രവിലയിൽ കുറവ് കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, കരാറുകാരൻ | കരാർ തുക (പി.എ.സി) | എഗ്രിമെന്റ് വെച്ച മുദ്രപ്പത്രത്തിന്റെ മൂല്യം | എഗ്രിമെന്റ് വെക്കേണ്ട മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | "നെടുംപാറ-നെടുംപുറത്തിൽത്താഴം റോഡ് കോൺക്രീറ്റിംഗ് - വാർഡ് 1/ ശ്രീ.മനീഷ് പി | ₹410217 | ₹250 | ₹450 | ₹200 |

| | | | | | |
|---|---|---|---|---|---|
| | മോഹനൻ | | | | |
| 2 | "നെടുംപാറ-നെടുംപുറത്തിൽത്താഴം റോഡ് റീച്ച് 1 കോൺക്രീറ്റിംഗ് - വാർഡ് 1/ ശ്രീ.മനീഷ് പി മോഹനൻ | ₹410217 | ₹250 | ₹450 | ₹200 |
| 3 | "നെടുംപാറ-നെടുംപുറത്തിൽത്താഴം റോഡ് റീച്ച് 2കോൺക്രീറ്റിംഗ് - വാർഡ് 1/ ശ്രീ.മനീഷ് പി മോഹനൻ | ₹410217 | ₹250 | ₹450 | ₹200 |
| 4 | "മണ്ഡപത്തിൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 3/ ശ്രീ.ഷെറൂൺ മുഹമ്മദ് | ₹369196 | ₹250 | ₹400 | ₹150 |
| 5 | "തൈക്കാവ്-പാലക്കുഴി റോഡ് കോൺക്രീറ്റിംഗ് - വാർഡ് 4/ ശ്രീ.വിബിൻ കെ.ജെ | ₹3,39,490 | ₹250 | ₹350 | ₹100 |
| 6 | "കൊല്ലാറമല -കനാൽ ബണ്ട് നടപ്പാത -വാർഡ് 11/ ശ്രീ.അമൽ തിരുമേനി | ₹2,85,272 | ₹250 | ₹300 | ₹50 |

| | | | | | |
|---|---|---|---|---|---|
| 7 | "മാങ്കുളം-കളപ്പുരത്താഴം റോഡ് കോൺക്രീറ്റിംഗ് - വാർഡ് 13 / ശ്രീ.എൽദോ കെ.എം | ₹3,48,192 | ₹250 | ₹350 | ₹100 |
| | ആകെ | | | | ₹1000 |

സ്റ്റാമ്പ് ആക്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി കുറഞ്ഞ മുദ്രപ്പത്രത്തിൽ കരാർ തയ്യാറാക്കിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/25.09.23) കുറവ് വന്ന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിക്കണം

പ്രോജക്ട് നം-133/23

നിർവ്വഹണം – സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ നിന്നും ₹1,43,368/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി 2023 മാർച്ച് മാസത്തിൽ നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം ₹1,57,13,204/-രൂപയാണ്

ഗ്രാമപഞ്ചായത്തിന് കുടിശ്ശികയുള്ളത്. ഈ കുടിശ്ശികയുടെ പിഴപ്പലിശയായി കണക്കാക്കിയിട്ടുള്ള ₹3,08,234/- രൂപ ഉൾപ്പെടെ ആകെ ₹1,60,21,438/- രൂപയുടെ ബാധ്യത വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുണ്ട്. 2022 ഡിസംബർ മാസം മുതൽ ആകെയുള്ള പൊതുകുടിവെള്ളടാപ്പുകളുടെ എണ്ണം മൂന്നായി ഗ്രാമപഞ്ചായത്ത് ചുരുക്കിയിട്ടുണ്ട്. വെള്ളക്കരം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ ഫയൽ പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പൊതുടാപ്പുകൾ കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും ഗാർഹിക കണക്ഷൻ വ്യാപകമാക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കേണ്ടതാണെന്നും 14.02.2018-ലെ സ.ഉ.(കൈ)നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ ആയിട്ടുള്ള സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശപ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതുപ്രകാരം ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിലുള്ള പൊതുടാപ്പുകൾ 185 ആണ് എന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ഈ കാലയളവിലെ ബില്ലിൽ ( 10/2019 ലെ ബിൽ) 193 പൊതുടാപ്പുകളുടെ കരമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. ഇതിൽ അത്യാവശ്യമല്ലാത്ത കണക്ഷനുകൾ റദ്ദുചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയത് പ്രകാരം 161 എണ്ണം നിർത്തലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 16/11/2019 ലെ എ2-844/18 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ

അറിയിക്കുകയും ആകെ ചെലവ് കണക്കാക്കിയ ₹1,68,200/- ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് വർക്കുകളിലെ സേവിംഗ്സായി വാട്ടർ അതോറിറ്റിയുടെ പക്കൽ ഉണ്ടായിരുന്ന ₹1,58,202/- രൂപയും 22/01/2020 ൽ പഞ്ചായത്ത് നൽകിയ ₹9,998/- രൂപയും ചേർത്ത് ഗ്രാമപഞ്ചായത്ത് നൽകിയിരുന്നു. എന്നാൽ 22/01/2020 ൽ ഈ തുക കൈപ്പറ്റിയെങ്കിലും 15/07/2022 വരെ 52 ടാപ്പുകൾ മാത്രമാണ് നിർത്തലാക്കിയതെന്നാണ് വാട്ടർ അതോറിറ്റി അറിയിച്ചത് (കത്ത് ഡിബി2/442/2013 Dtd 15/07/2022). തുക നൽകി 3 മാസത്തിന് ശേഷമുള്ള ബില്ലിലും (ഏപ്രിൽ 2020 ൽ) 193 ടാപ്പുകളുടെ ഡിമാന്റാണ് അതോറിറ്റി നൽകിയത്. ഗ്രാമപഞ്ചായത്തിൽ 12 ടാപ്പുകൾ മാത്രമാണ് ആവശ്യമുള്ളതെന്നും ഡിസ്കണക്ഷൻ ചാർജടച്ച ബാക്കി ടാപ്പുകൾ കട്ട് ചെയ്യണമെന്നു് 10/10/2021 ലും ജൽജീവൻ കണക്ഷൻ നൽകി വരുന്നതിനാൽ ബാക്കിയുള്ള എല്ലാ കണക്ഷനുകളും റദ്ദുചെയ്യണമെന്ന് 02/06/2022 ലും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മാസങ്ങളുടെ ഇടവേളയിൽ വളരെ കുറച്ച് കണക്ഷനുകൾ മാത്രമാണ് നൽകുന്ന ഡിമാന്റിൽ കുറവ് വരുത്തി നൽകിയിട്ടുള്ളത്. (ഏപ്രിൽ 2020 - 193, ജൂൺ 2020 - 181, ജൂലായ് 2020 - 163, മാർച്ച് 2021-143, ജൂൺ -2021 -91, ഡിസംബർ 22 – 3). ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയ കണക്ക് പ്രകാരം ₹9172327/- രൂപ വെള്ളക്കരം ഒടുക്കിയതായും വാട്ടർ അതോറിറ്റി നൽകിയ കണക്കിൽ ₹5332609/- രൂപ നൽകിയതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പൊരുത്തക്കേടുകൾ

കൃത്യമായി പരിശോധിച്ച് വാട്ടർ അതോറിറ്റിയെ അറിയിച്ചതിന്റെ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

ഇതുവരെ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് നേരിട്ട് ഒടുക്കിയ തുകയും ഈയിനത്തിൽ വിവിധ ഗ്രാന്റുകളിൽ നിന്നും ഇതുവരെ സർക്കാർ നേരിട്ട് ഈടാക്കിയ തുകയും സംബന്ധിച്ച വിശദമായ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണമെന്നും വാട്ടർ അതോറിറ്റി വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് കുടിശ്ശിക അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിൽ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാട്ടർ അതോറിറ്റിയുമായി നിലനിൽക്കുന്ന കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നേരിട്ട് ഒടുക്കിയ വെള്ളക്കരവും വിവിധ ഗ്രാന്റുകളിൽ നിന്നും ഇതുവരെ സർക്കാർ നേരിട്ട് ഈടാക്കിയ തുകയും സംബന്ധിച്ച വിശദമായ കണക്കുകൾ തയ്യാറാക്കി വാട്ടർ അതോറിറ്റിയുടെ കണക്കുകളുമായി ഒത്തുനോക്കി പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനും അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ എന്നിവ പ്രയോജനപ്പെടുത്തി പരമാവധി ഇളവുകൾ നേടി വെള്ളക്കരക്കുടിശ്ശിക പൂർണ്ണമായി ഒഴിവാക്കുന്നതിനും നടപടി

സ്വീകരിക്കേണ്ടതാണ്.

**1-28 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ-ചെലവു രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രോജക്ടിന്റെ നം/ വർഷം | 14/23 |
| അടങ്കൽ തുക / ഫണ്ട് | ₹543500/- , പൊതുവിഭാഗം<br>₹300000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ ₹843500/- |
| ചെലവ് തുക/ ബിൽ നം തിയതി | ₹543500/- രൂപ., പൊതുവിഭാഗം<br>₹38710/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ ₹582210/- |

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ എന്ന പദ്ധതി പ്രകാരം ചെലവഴിച്ച ആകെ ₹582210/-യിൽ പൊതുവിഭാഗം ഫണ്ടിൽ നിന്നും ചെലവഴിച്ച ₹543500/-യിൽ [48030/- Bill 1/23(9.6.22), 30520/- Bill 2/23(20.6.22), 38510/-Bill 4/23(18.7.22), 38610/-Bill 3/23(11.8.22), 38840/-Bill 6/23 (2.9.22), 37920/-Bill 7/20(3.10.22), 5760/- Bill 8/20 (30.9.22), 42735/-Bill 12/23 (6.12.22), 97779/-Bill 13/23(29.11.22), 12836/-Bill 14/23 (6.12.22)] ഉൾപ്പെടെ

ആകെ ₹391540/-യുടെ ചെലവുരേഖകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹151960/-യുടെ ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകവയറി നം 20/25.9.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹151960/-യുടെ ചെലവുരേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതുവരെ ടി തുക തടസ്സപ്പെടുത്തുന്നു.

**1-29 മെഡിക്കൽ ഓഫീസർ മാറാടി നടപ്പിലാക്കിയ പദ്ധതി കവട്ടേഷൻ നടപടി സ്വീകരിച്ചില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രോജക്ടിന്റെ നം/ വർഷം | 117/23 |
| അടങ്കൽ തുക / ഫണ്ട് | ₹80000/- . ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് തുക/ ബിൽ നം തിയതി | ₹80000/- 266/09.03.23 |

ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി റോയൽ ഫർണ്ണീച്ചർ ആന്റ് ബെഡ് സെന്ററിൽ നിന്നും ₹12975/- ചെലവഴിച്ച് 15 പ്ലാസ്റ്റിക്ക് കസേരകൾ വാങ്ങിയതിനുമാത്രം

ക്വട്ടേഷൻ നടപടി സ്വീകരിച്ചതായും പദ്ധതിപ്രകാരം വാങ്ങിയ അലമാര ഉൾപ്പെടെയുള്ള ഫർണ്ണിച്ചറുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 23/25.09.23 ന് മറുപടി ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2010ലെ പ്രൊക്യുർമെന്റ് മാർഗരേഖ (ജി.ഓ.(പി) 259/2010 തീയതി 08.11.10) ഖണ്ഡിക 3 പ്രകാരം പഞ്ചായത്തുകളിലെ ₹5000/- യുടെ മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേന മാത്രമാണ് നടത്തേണ്ടത് എന്നകാര്യം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പദ്ധതിപ്രകാരം വാങ്ങിയ ഫർണ്ണിച്ചറുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 സ്മാർട്ട് അങ്കണവാടി നിർമ്മാണം വാർഡ് 4- പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 49/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് അങ്കണവാടി നിർമ്മാണം വാർഡ് 4 |
| അടങ്കൽ | ₹3127000/-<br>₹140000/-( വികസന ഫണ്ട് ജനറൽ)<br>₹2000000/-(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹187000/-(തനത് ഫണ്ട്)<br>₹800000/-(ജില്ലാ പഞ്ചായത്ത്) |

| | |
|---|---|
| ചെലവ് | ₹940000/- |
| ബിൽ നം.&തീയതി | ₹140000/-(39/27-3-23)<br>₹800000/-(40/27-3-23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി സർക്കാർ ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3(slopping Terrain), 1.25 Cent) ആനുപാതികമായി ആറ് വ്യത്യസ്ത പ്ലാനും പ്രൈസ് സോഫ്റ്റ്വെയറിലുള്ള എസ്റ്റിമേറ്റും സർക്കാർ അംഗീകരിച്ച് നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 49 അങ്കണവാടികളിൽ ഒരെണ്ണം മാറാടി പഞ്ചായത്തിലും ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 30 സെന്റ് സ്ഥലത്തിൽ നിന്നും 5 സെന്റ് സ്ഥലം ഇതിനായി സെലക്ട് ചെയ്യുകയും സ്മാർട്ട് അങ്കണവാടിയുടെ സർക്കാർ അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം ₹940000/- 22-23 വർഷം സ്മാർട്ട് അങ്കണവാടി നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഇനി ചുറ്റുമതിലും

മറ്റു അനുബന്ധ പ്രവർത്തനങ്ങളും നടത്താനുണ്ട്. ഇവ പൂർത്തീകരിച്ച് സ്മാർട്ട് അങ്കണവാടി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

**1-31 റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് - പൂർണ്ണമാക്കേണ്ടതാണ്.**

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.143/23 ആയി വിഭാവനം ചെയ്ത പ്രൊജക്ടാണിത്. ₹3000/- ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. ടി പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30-6-23 കമ്മിറ്റി തീരുമാനം 3(1) പ്രകാരം ഫീൽഡ് തല സർവ്വേയ്ക്ക് അപേക്ഷ പ്രകാരം ശ്രീ.സുനീഷ് വി. എന്നയാളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരവും നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം.18/19-9-23) ലഭ്യമാക്കിയ മറുപടിയിൽ 3 വാർഡുകളിലെ നടപടികൾ പൂർത്തീകരിച്ചുവെന്നും ബാക്കി വാർഡുകളിലെ പ്രവർത്തനങ്ങൾ നടന്ന് വരുന്നുവെന്നും അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് തൻവർഷം ഫണ്ട് ചെലവഴിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തിയാക്കി വിവരം

അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | ലൈഫ് ഭവനപദ്ധതി – സ്ഥലം വാങ്ങൽ (59/23) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1000000 | ലൈഫ് ഭവനപദ്ധതി – ജനറൽ (58/23) | 1000000 | 0 |
| ബ്ലോക്ക് | 2022-23 | 250000 | ലൈഫ് | 250000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | | ഭവനപദ്ധതി – എസ് സി (26/23) | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 430000 | ലൈഫ് ഭവനപദ്ധതി – ജനറൽ (SO 25/23) | 430000 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 287000 | ബഡ്സ് സ്കൂൾ ചെലവുകൾ (17/23) | 287000 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 38710 | പാലിയേറ്റീവ് കെയർ (14/23) | 38710 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 199900 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (40/23) | 199900 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 9800 | വിത്തും കൈക്കോട്ടും തരിശ് നില കൃഷിക്ക് ധനസഹായം (132/23) | 9800 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 125000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (67/23) | 125000 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 800000 | സ്മാർട്ട് അങ്കണവാടി | 800000 | 0 | |

| | | | | | |
|---|---|---|---|---|---|
| | | | നിർമാണം (49/23) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 89796 | നെൽകൃഷി വികസനം (29/23) | 89796 | 0 |
| **ആകെ** | | 3330206 | | 3330206 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 450000 | ലൈഫ് ഭവനപദ്ധതി – ജനറൽ (58/23) | 450000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 65800 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (40/23) | 65800 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 207000 | എസ്.സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (151/23) | 207000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 75000 | കർഷകർക്ക് പാലിന് ഇൻസെന്റീവ് (67/23) | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 205248 | നെൽകൃഷി വികസനം (29/23) | 205248 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 12000 | വിത്തും കൈക്കോട്ടും തരിശ് നില കൃഷിക്ക് ധനസഹായം (132/23) | 12000 | |

| ആകെ | | 1015048 | | 1015048 | |
|---|---|---|---|---|---|

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

പഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷം ₹1860000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം ലഭിച്ച വായ്പ തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക (₹) | (₹) | മുതൽ (₹) | പലിശ (₹) | ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | (1)ജി.ഒ4451/20/ ധനം03.03.2020 (2)ജി.ഒ.43/20/ ധനം/01.01.2021 | 4000000 | 3369089 | 1860000 | 1187222 | 0 | 4041867 |

തൻവർഷം തിരിച്ചടച്ച ₹1187222/- 147/23, 156/23, 157/23, 148/23 എന്നീ ജി.ഒ. പ്രോജക്ടുകൾ മുഖേനയാണ് തിരിച്ചടച്ചത്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2014-15 | 2-1 | 2016-17 | | 14-15 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | പരാമർശത്തിലെ 6 സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി. കൊശമറ്റം ഫിനാൻസ് ഒഴികെ എല്ലാ സ്ഥാപന ങ്ങളും തൊഴിൽ നികുതി അടച്ചിട്ടുണ്ട്. |
| | 2-2 | | | ഇൻഡോർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 14-15 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല | തൊഴിൽ നികുതി 01.01.2018 ലെ 117010102162 -ാം രസീത് പ്രകാരം അടവാക്കിയിട്ടുണ്ട് |

## <u>4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം</u>

### <u>(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 26038212.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 23351218.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 388512.00 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 30016 | ഡോ. അമർലാൽ.കെ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |

| | | |
|---|---|---|
| 1-16 | 186536 | ഡോ. അഞ്ജു,<br>മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-24 | 20000 | ലിജോ ജോൺ<br>സെക്രട്ടറി |
| 1-28 | 151960 | ഡോ. അമർലാൽ കെ,<br>മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| ആകെ | **388512** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ. അഞ്ജു, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, മാറാടി | അമ്പാട്ട്, കുരീക്കാട് പി ഓ, എറണാകുളം |
| 2 | ഡോ. | മെഡിക്കൽ | കൊമ്പനാൽ |

| | | | |
|---|---|---|---|
| | അമർലാൽ കെ, മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഓഫീസർ, പി എച്ച് സി , മാറാടി | പുത്തൻപുരയിൽ, പെരിങ്ങഴ,പെരുംമ്പല്ലൂർ, മുവാറ്റുപുഴ |
| 3 | ലിജോ ജോൺ സെക്രട്ടറി | സെക്രട്ടറി, മാറാടി ഗ്രാമപഞ്ചായത്ത് | തെക്കേക്കളയിൽ ഹൌസ് ബ്രഹ്മമംഗലം പി.ഓ. വൈക്കം, കോട്ടയം – 686605 |

.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(iii) / 2018/6.7.18 | 9 |
| 1999-00 | കെ.എസ്.എ-ഇ.കെ.എം. (പി.8(4)/691 /15 / 5.10.15 | 10 |
| 2000-01 | എൽ.എഫ്.ഇ. (പി.5)1084/05/2.3.06 | |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.ഇ.<br>(പി.5)1285/03/5.7.04 | |
| 2001-02 | എൽ.എഫ്.ഇ.<br>(പി.5)1303/06/6.10.06 | |
| 2001-02 | എൽ.എഫ്.ഇ.(പി.5)/09/<br>15.7.09 | |
| 2002-03 | എൽ.എഫ്.ഇ.<br>(പി.5)1304/06/6.10.06 | |
| 2002-03 | എൽ.എഫ്.ഇ.(പി.5)/09/<br>15.7.09/4.11.09 | |
| 2003-04 | എൽ.എഫ്.ഇ.(പി.5)10/09/<br>16.7.09/12.3.10 | |
| 2006-07 | എൽ.എഫ്.ഇ<br>(പി.5)1774/10/3.5.12/ 5.6.12 | 8 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം.<br>(പി.14) 722(vi) / 2018/6.7.18 | 6 |
| 2008-09 &<br>2009-10 | കെ.എസ്.എ-ഇ.കെ.എം.<br>(പി.14) 722(vii) /2018 / 6.7.18 | 2 |
| 2010-11 &<br>2011-12 | കെ.എസ്.എ-ഇ.കെ.എം.<br>(പി.14) 722(viii) /2018/ 6.7.18 | 6 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം.<br>(പി.14) 722(ix) / 2018/6.7.18 | 8 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം.<br>(പി.14) 722(x) / 2018/6.7.18 | 9 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം.<br>(പി.14) 722(xi) / 2018/6.7.18 | 3 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. | 3 |

| | | |
|---|---|---|
| | (പി.14) 722(xii) /2018/ 6.7.18 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.14) 2209/17/ 07.05.18 | 7 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം. (പി.14) 2317/18/ 10.6.19 | 7 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം. (പി.14) 125/2020/ 15.02.2020 | |
| 2019-20 | കെ.എസ്.എ-ഇ.കെ.എം. (പി.14) 992/21/ 13.09.21 | 7 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം. (പി.14) 993/21/13.09.21 | 9 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം. (പി.14) 299/23/17.04.23 | 7 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്
കാര്യാലയം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Marady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a

reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Marady Grama Panchayat for the year 2022-2023

**Date: 04/12/2023** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Marady Grama Panchayat for the Year 2022-2023.

## 1.Major Observations

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4.Non inclusion of Notes to Accounts in Financial statement and non disclosure of material facts.

## 2.Other Observations

1. Advance register does not match with financial statement.
2. Out dated deposits are not adjusted to own fund. Deposit register does not match with financial statement.
3. Ratios and Notes on accounts are not attached with AFS.
4. Joint venture projects are not furnished.
5. Arrear amount for 2019-20 has been wrongly accounted as advance payment.
6. Discrepancies in carry forward of closing balance in 2021-22 in respect of Panchayat Fund.
7. Mismatch of CFC grant (Basic) in I6 Schedule with Actual Receipts.

DEPUTY DIRECTOR

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്